# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മയിൽ നിന്നും

**സർക്കുലർ നമ്പർ: 131**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരേ,

*''ഞാൻ നിങ്ങളെ ഫലവത്തായോരു ദേശത്തു അതിന്റെ ഫലവും ഗുണവും അനുഭവിപ്പാൻ കൂട്ടിക്കൊണ്ടു വന്നു; എന്നാൽ അവിടെ എത്തിയശേഷം നിങ്ങൾ എന്റെ ദേശത്തെ അശുദ്ധമാക്കി എന്റെ അവകാശത്തെ അറപ്പാക്കിക്കളഞ്ഞു''* (യിരെമ്യാവ്. 2:7).

2024 ജൂൺ മാസം 9–ാം തീയതി പരിസ്ഥിതി ഞായറായി നാം വേർതിരിച്ചിരിക്കുന്നു. നമ്മുടെ ഭൂമിയും അതിലെ കാലാവസ്ഥയും വലിയ മാറ്റങ്ങളിലൂടെ കടന്നു പോകുകയാണ്. സർവ്വ സൃഷ്ടിയുടെയും നിലനിൽപിന് തന്നെ ഭീഷണിയായി കാലാവസ്ഥാ ദുരന്തങ്ങളും പ്രകൃതിക്ഷോഭങ്ങളും നമ്മുടെ കണ്മുമ്പിൽ സംഭവിക്കുന്നു. കാലാവസ്ഥാ വ്യതിയാനം ഇതേപോലെ തുടരുകയാണെങ്കിൽ അടുത്ത രണ്ടു ദശകങ്ങൾ കൊണ്ട് അന്തരീക്ഷ ഊഷ്മാവ് ഒന്നര ഡിഗ്രിയോളം വർദ്ധിക്കും. താപം ഒരു ഡിഗ്രി കൂടുമ്പോൾ ഏഴ് മടങ്ങായിട്ടാണ് കാലാവസ്ഥ കെടുതികൾ സംഭവിക്കാനുള്ള സാധ്യത വർധിക്കുന്നത്. ആഗോള താപനം കൂടുംതോറും മഴയുടെയും മറ്റു കാലാവസ്ഥ പ്രതിഭാസങ്ങളുടെയും അളവും ക്രമവും മാറും. അന്തരീക്ഷത്തിലേക്ക് കാർബണും മറ്റു വാതകങ്ങളും ധാരാളമായി പുറന്തള്ളുമ്പോൾ ഭൂമിയോട് ചേർന്ന അന്തരീക്ഷ ഭാഗത്തു ഇവയുടെ സാന്ദ്രത കൂടുന്നു. ഇപ്പോൾ നാം അനുഭവിക്കുന്ന കാലാവസ്ഥ പ്രതിസന്ധി പരിഹരിക്കപ്പെടണം എങ്കിൽ ഈ വാതകങ്ങളുടെ സാന്ദ്രത കുറച്ചേ മതിയാകു. ദൈവം നമുക്ക് ദാനമായി നൽകിയ നമ്മുടെ മണ്ണും വായുവും ജലവും മലിനീകരിക്കപ്പെടുന്ന ജീവിത ശൈലിയും മനുഷ്യരുടെയും ഇതര സൃഷ്ടി ജാലങ്ങളുടെയും പുരോഗതി സാധ്യമാകാത്ത വികസന പദ്ധതികളും നാം അനുവർത്തിക്കുന്നതിന്റെ ഫലമായി സൃഷ്ടിയുടെ സർവ്വ മഹത്വവും നാം നഷ്ടപെടുത്തിക്കൊണ്ടിരിക്കുന്നു.

ഈ വർഷത്തെ ലോക പരിസ്ഥിതി ദിനത്തിന്റെ പ്രധാന ചർച്ച വിഷയം 'നമ്മുടെ ഭൂമി, നമ്മുടെ ഭാവി' എന്നതാണ്. എങ്ങനെ പ്രകൃതിയോട് ഇണങ്ങി ജീവിക്കാം എന്നതാണ് ഇതിലൂടെ പഠിക്കാനും ചർച്ച ചെയ്യാനും ആഗ്രഹിക്കുന്നത്. ഈ വർഷത്തെ പരിസ്ഥിതി ദിനത്തിലും തുടർന്നുള്ള പരിസ്ഥിതി വാരത്തിലും നമ്മുടെ പ്രാദേശിക ഇടവക ഇടങ്ങൾ കാർബൺ ന്യൂട്രൽ ആക്കാനുള്ള പ്രവർത്തനങ്ങൾക്കാണ് സഭയുടെ പരിസ്ഥിതി കമ്മീഷൻ പ്രാധാന്യം നൽകുന്നത്. അതിനായി തയ്യാറാക്കിയിട്ടുള്ള പ്രായോഗിക നിർദ്ദേശങ്ങൾ അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.

എല്ലാ ഇടവകകളും സംഘടനകളും ഇതിൻപ്രകാരം കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഭൂമിയുടെ സംരക്ഷണം നമ്മുടെ ആത്മീയതയുടെ ഭാഗവും ഒഴിവാക്കാനാകാത്തതും ആണ്. നാം അധിവസിക്കുന്ന ഭൂമി മനോഹാരിതയിൽ സൂക്ഷിക്കുന്നതിനുള്ള നമ്മുടെ ഉത്തരവാദിത്തം വിശ്വസ്തതയോടെ നിർവഹിക്കുന്നതിന് നാം ഏവരും ജാഗ്രതയോടെ പ്രവർത്തിക്കണം.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

തിരുവല്ലാ പൂലാത്തീനിൽ നിന്നും 2024 മേയ് 18–ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ
# പരിസ്ഥിതി കമ്മീഷൻ
# പരിസ്ഥിതി ദിനവും പരിസ്ഥിതി വാരാചരണവും – 2024

ഈ വർഷത്തെ പരിസ്ഥിതി ദിനത്തിലും തുടർന്നുള്ള പരിസ്ഥിതി വാരത്തിലും നമ്മുടെ പ്രാദേശിക ഇടവക ഇടങ്ങൾ കാർബൺ നൂട്രൽ ആക്കാനുള്ള പ്രവർത്തനങ്ങൾക്കാണ് സഭയുടെ പരിസ്ഥിതി കമ്മീഷൻ പ്രാധാന്യം നൽകുന്നത്. അതിനായി തയ്യാറാക്കിയ പ്രായോഗിക നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

കാലാവസ്ഥാ മാറ്റവുമായി ബന്ധപ്പെട്ട് ലഘൂകരണം (Mitigation), പൊരുത്തപ്പെടൽ (Adaptation) എന്നീ രണ്ട് സാധ്യതകളാണ് നമ്മുടെ മുന്നിലുള്ളത്. ലഘൂകരണ പ്രക്രിയയിലെ ഏറ്റവും പ്രധാന ഊന്നൽ കാർബൺ ഡയോക്സൈഡ്, നൈട്രസ് ഓക്സൈഡ്, മീഥേൻ തുടങ്ങിയ ഹരിത ഗൃഹ വാതകങ്ങളുടെ പുറംതള്ളൽ കുറച്ചും ആഗിരണം കൂട്ടിയുമുള്ള കാർബൺ ന്യൂട്രൽ സംവിധാനങ്ങളിലേക്കും വ്യവസ്ഥ യിലേക്കും മാറുക എന്നുള്ളതാണ്. ഊർജ്ജം, ഗതാഗതം, കൃഷി, മൃഗ സംരക്ഷണം, മലിനീകരണം തുട ങ്ങിയ മേഖലകളിൽ നിന്നൊക്കെയാണ് കൂടുതൽ പുറം തള്ളൽ ഉണ്ടാകുന്നത്. അതുകൊണ്ടുതന്നെ പ്രകൃതി ക്കിണങ്ങുന്ന പ്രവർത്തനങ്ങളിലൂടെയും പദ്ധതികളിലൂടെയും പുറംതള്ളൽ കുറയ്ക്കുന്നതിനെക്കുറിച്ച് നാം ഗൗരവമായി ആലോചിക്കേണ്ടതാണ്. വ്യക്തിപരമായും ഇടവകയായും സമൂഹമായും ചെയ്യാനാവുന്ന ഏതാനും കാര്യങ്ങൾ താഴെ ചേർക്കുന്നു:

1. നമ്മുടെ വീടുകളിലും പള്ളികളിലും സ്ഥാപനങ്ങളിലും ഏതൊക്കെ മേഖലകളിൽ നിന്നാണ് ഹരിത ഗൃഹ വാതകങ്ങളുടെ പുറംതള്ളൽ കൂടുതലുള്ളതെന്നു കണ്ടുപിടിക്കണം. വീടിനോടും സ്ഥാപന ത്തോടും ചേർന്ന പരിസരങ്ങളിൽ കാർബൺ ആഗിരണത്തിനുള്ള സാധ്യതകൾ കൂടി അറിയണം. കൂടുതൽ പുറംതള്ളൽ നടക്കുന്ന യിടങ്ങളിൽ പ്രത്യേക ശ്രദ്ധ വേണം.
2. കൂടുതൽ സ്വാഭാവിക വെളിച്ചവും വായു സഞ്ചാരവുമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുക. ഊർജ്ജ ഉപയോഗം കഴിയുന്നതും കുറയ്ക്കുക. പകൽ സമയത്ത് ലൈറ്റ് ഇടുന്നത് ഒഴിവാക്കുക. ഊർജ്ജ ഉപഭോഗം കുറവുള്ള എൽ. ഇ. ഡി ബൾബുകൾ പ്രോത്സാഹിപ്പിക്കുന്ന 'ഫിലമെന്റ് ലെസ്സ്' വീട് /ഗ്രാമം /ഇടവക പദ്ധതി നടപ്പാക്കുക.
3. കഴിയുന്നതും പൊതു വാഹന സംവിധാനത്തെ ആശ്രയിക്കുക. സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം കുറച്ച്, കാർ പൂളിങ്ങും ക്രമീകരിക്കുക.
4. ജലം സംരക്ഷിക്കേണ്ടതും പാഴാക്കാതെ സൂക്ഷിക്കേണ്ടതുമാണ്. വെള്ളം ശുദ്ധീകരിച്ച് പുനരുപയോഗി ക്കണം. പാഴ് വസ്തുക്കൾ, ജൈവ വസ്തുക്കൾ എന്നിവയുടെ പുനരുപയോഗ സാധ്യത കണ്ടെത്തണം.
5. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക. ഏക ഉപയോഗ പ്ലാസ്റ്റിക് കൂടുകൾ പൂർണമായും വർജ്ജിക്കുക.
6. പുനരുപയോഗിക്കാവുന്ന ഊർജ്ജ സ്രോതസ്സുകൾ കൂടുതൽ സ്ഥാപിക്കുക, ഉപയോഗിക്കുക. പുരപ്പുറ സോളാർ പ്ലാന്റുകൾ പള്ളിയിലും വീടുകളിലും മറ്റു സ്ഥാപനങ്ങളിലും കഴിയുന്നിടങ്ങളിലെല്ലാം സ്ഥാപിക്കാൻ കഴിയണം.
7. എ.സി ഉപയോഗം നിയന്ത്രിക്കുക, ആഗോള താപന ശേഷി കുറവുള്ള ഗ്യാസുകൾ ഉപയോഗിക്കുന്ന എ. സി യും കോൾഡ് സ്റ്റോറേജ് സംവിധാനങ്ങളും ഉപയോഗിക്കാൻ ശ്രദ്ധിക്കണം.
8. പ്രവർത്തന ക്ഷമത കൂടിയതും ഊർജ്ജ ഉപയോഗം കുറവുള്ളതുമായ ഉപകരണങ്ങൾ (നാലും അഞ്ചും സ്റ്റാർ റേറ്റിംഗ് ഉള്ളവ) ഉപയോഗിക്കുക.
9. മലിനീകരണവും മലിന വസ്തുക്കൾ വലിച്ചെറിയുന്നതും ഒഴിവാക്കുക. ഖര-ദ്രവ മാലിന്യങ്ങൾ ഉറവിട ത്തിൽ ശാസ്ത്രീയമായി സംസ്കരിക്കുകയും ആവശ്യമുള്ള ഇടങ്ങളിൽ പ്ലാന്റുകൾ സ്ഥാപിക്കുകയും ചെയ്യുക.
10. പേപ്പർ പ്രിന്റിങ് കുറയ്ക്കുക. നമ്മുടെ ദേവാലയ വാർത്താപത്രികകളും കല്യാണക്കുറികളും എല്ലാം ഇനി മുതൽ സോഫ്റ്റ് കോപ്പി ആയി മാത്രം ആക്കുവാൻ ശ്രമിക്കുക.
11. ഹരിത ഗൃഹ വാതകങ്ങളുടെ ആഗിരണം കൂട്ടാനായി നമ്മുടെ ചുറ്റുപാടുമുള്ള കാടും കാവും വയലും തോടും കുളവും ഒക്കെ അടങ്ങിയ പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുക. ജലാശയങ്ങളും കാടുകളുമുൾ പ്പെടെ പുതിയവ നിർമ്മിക്കുക.
12. നൂതന കൃഷി രീതികളായ തുള്ളിനന, കൃത്യതാ കൃഷി, ജൈവ കൃഷി എന്നിവ ശീലിക്കുക.
13. ഇനി വീട്ടിലോ ഇടവകയിലോ വാഹനം വാങ്ങുമ്പോൾ ഇലക്ട്രിക്ക് വണ്ടികൾ വാങ്ങുക.
14. വീട്ടിലും പള്ളി കെട്ടിടത്തിലും ഇതര സ്ഥാപനങ്ങളിലും മഴവെള്ള സംഭരണി നിർമ്മിക്കുക. മേൽക്കൂരയിൽ നിന്നുള്ള വെള്ളം അരിച്ചു നേരിട്ട് കിണറിലേക്കിറക്കുന്ന കിണർ റീചാർജിങ് പദ്ധതിയും സ്ഥാപിക്കുക.

**മാർത്തോമ്മാ പരിസ്ഥിതി കമ്മീഷൻ**

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ
## പരിസ്ഥിതി ഞായർ – 09.06.2024
## ആരാധന ക്രമം

(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോട് കൂടിയത്)

**ആരാധനാഹ്വാനം**

*ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവെക്കുള്ളതാകുന്നു. സമുദ്രങ്ങളുടെ മേൽ അവൻ അതിനെ സ്ഥാപിച്ചു; നദികളുടെ മേൽ അവൻ അതിനെ ഉറപ്പിച്ചു. (സങ്കീ. 24:1, 2).*

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവും പരിപാലകനുമായ ത്രിയേക ദൈവത്തെ നമുക്ക് ആരാധിക്കാം.

**പാട്ട് –** *സൃഷ്ടിതൻ ഉറവിടമായ നാഥാ* (ഭൂമി ഗീതങ്ങൾ)

**കൗമ്മാ**

**പ്രാരംഭ പ്രാർത്ഥന**

സകലത്തേയും തന്റെ സ്നേഹത്താൽ സൃഷ്ടിക്കുകയും അതിരുകളില്ലാത്ത കാരുണ്യത്താൽ അവയെ പരിപാലിക്കുകയും ചെയ്യുന്ന ഞങ്ങളുടെ സ്രഷ്ടാവാം ദൈവമേ, നിന്റെ കരവിരുതായ ഈ പ്രപഞ്ചത്തിന്റെ മനോഹാരിതയ്ക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. മണ്ണും മാനവും മരവും മനുഷ്യരും എല്ലാ ജീവജാലങ്ങളും ഒത്തുചേരുന്ന ഈ ഭൂമിയിൽ നിന്റെ സ്നേഹത്തെ അനുഭവിക്കുവാൻ നീ നൽകുന്ന ഈ ജീവിതത്തിനായി ദൈവമേ സ്തോത്രം. ജീവനേകി ഒഴുകുന്ന പുഴയോടും നിന്നെ സ്തുതിക്കുന്ന പക്ഷി മൃഗാദികളോടും ചേർന്ന് ഞങ്ങൾ നിന്റെ മഹത്വവും നിസ്തുലവുമായ നാമത്തെ ആരാധിക്കുന്നു. ദൈവമേ നീ ഞങ്ങൾക്ക് നൽകുന്ന അവസരങ്ങളും സാധ്യതകളും ഭാവിയും ഈ ഭൂമിയുടെ നിലനിൽപ്പുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന പരിപൂർണ്ണ ബോധ്യത്തോടെ സൃഷ്ടിയുടെ നാഥനായ, നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. സകലത്തെയും ഉണ്മയിലേക്ക് വരുത്തുകയും അതിനെ വീണ്ടെടുക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ത്രിയേക ദൈവമേ, സകല ആരാധനയും പുകഴ്ചയും നിനക്ക് അർപ്പിക്കുന്നു.

ആമേൻ

**അനുതാപ പ്രാർത്ഥന (പ്രതിവാക്യം:** ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ.)

1. പ്രപഞ്ചത്തിലെ സകല ജീവജാലങ്ങളും സ്രഷ്ടാവിന്റെ കരസ്പർശത്താൽ അനുഗൃഹീതമാണ് എന്ന് തിരിച്ചറിയാതെ ചൂഷണത്തിന്റെയും ലാഭത്തിന്റെയും ആത്മാവ് ഞങ്ങളുടെ കണ്ണുകളെ അന്ധമാക്കി. ഈ ഭൂമിയുടെ നിലനിൽപ്പ് ഞങ്ങളുടെ ഭാവിയുടെ ഭാഗമാണ് എന്ന് ഇപ്പോഴും തിരിച്ചറിയാത്ത ഞങ്ങളുടെ വിചാരങ്ങളെയും, അഹന്തയെയും കാഴ്ചകളെയും പ്രവർത്തികളെയും നാഥാ ഞങ്ങൾ സങ്കടപൂർവ്വം ഏറ്റുപറയുന്നു.

**പ്രതിവാക്യം:** ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ.

2. നൊമ്പരപ്പെടുന്ന മനുഷ്യനോടും പ്രകൃതിയോടും ഒപ്പം ചേരാതെ സൃഷ്ടിയുടെ ഞരക്കങ്ങൾക്ക് കാതോർക്കാതെ ഭൂമിയുടെ വിലാപങ്ങളെ അവഗണിച്ച് ഏകാന്തതയുടെ തുരുത്തുകളായി സ്വാർത്ഥമായി പ്രതികരിച്ചുപോയ ഞങ്ങളുടെ കുറവുകളെ ഞങ്ങൾ സങ്കടപൂർവ്വം ഏറ്റുപറയുന്നു.

**പ്രതിവാക്യം:** ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ.

3. ദൈവസ്നേഹത്തിന്റെ നീർച്ചാലുകളെ രക്തപങ്കിലമാക്കുന്ന യുദ്ധങ്ങളും, കാലത്തേയും കാലാവസ്ഥയെയും തകിടം മറിക്കുന്ന അശാസ്ത്രീയ നിർമ്മിതികളും, പ്രതീക്ഷയുടെ വസന്തകാലത്തെ എന്നന്നേക്കുമായി ഇല്ലാതാക്കുന്ന തെറ്റായ പഠിപ്പിക്കലുകളും, സൃഷ്ടിയുടെ സൗന്ദര്യത്തെ വീണ്ടെടുക്കുന്നതിന് കാട്ടുന്ന നിസ്സംഗതയും നാഥാ ഞങ്ങൾ സങ്കടപൂർവ്വം ഏറ്റുപറയുന്നു.

**പ്രതിവാക്യം:** ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ.

**പ്രത്യേക ഗാനം**: *ഗായകസംഘം* – *പാടാൻ മറന്നു പോയി ഞങ്ങൾ* (ഭൂമിഗീതങ്ങൾ)

**സ്തോത്ര പ്രാർത്ഥന (പ്രതിവാക്യം :** ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.)

1. ഈ പ്രപഞ്ചത്തിന്റെ മനോഹാരിതക്കായി, മഴയും മഞ്ഞും, വേനലും വസന്തവും വിരിയിക്കുന്ന വൈവിധ്യങ്ങൾക്കായി, ഭൂമിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്ന ഭക്ഷണ ശൃംഖലയ്ക്കായി, ചെറുതും വലുതുമായ ജീവജാലങ്ങൾക്കായി, അവയെ എല്ലാം പരിപാലിക്കുന്ന ദൈവസ്നേഹത്തിനായി...

**പ്രതിവാക്യം :** ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

2. കാലാവസ്ഥാ വ്യതിയാനം മൂലം തകർന്ന ഭൗമാന്തരീക്ഷത്തെ വീണ്ടെടുക്കുവാനും അഭയാർത്ഥികളായി പലായനം ചെയ്യേണ്ടിവരുന്നവർക്ക് അഭയം നൽകുവാനും ദുരന്തമുഖങ്ങളിൽ നിസ്വാർത്ഥ സേവനം ചെയ്യുന്ന എല്ലാ പ്രവർത്തകർക്കായും പ്രസ്ഥാനങ്ങൾക്കായും...

**പ്രതിവാക്യം :** ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

3. അനുദിനം വർധിച്ചു വരുന്ന കാലാവസ്ഥാ പ്രതിസന്ധിയിൽ അജ്ഞതയുടെ നിസംഗതയിൽ നിന്നും മാനവകുലത്തെ ഉണർത്തുവാൻ പ്രയത്നിക്കുന്ന ഏവർക്കുമായും പ്രത്യേകമായി, മാർത്തോമ്മാ ഇക്കോളജിക്കൽ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായും ദൈവമേ..

**പ്രതിവാക്യം :** ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥന (പ്രതിവാക്യം:** ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.)

1. വീണ്ടെടുപ്പിനായി ഞരക്കത്തോടെ കാത്തിരിക്കുന്ന പ്രകൃതിക്കായി, അതിന്റെ പരിപാലനത്തിനായി, കാലാവസ്ഥാ അഭയാർത്ഥികൾക്കായി, യുദ്ധവും അക്രമവും തകർത്തു കളഞ്ഞ ജീവിതങ്ങൾക്കായി നാഥാ നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു.

**പ്രതിവാക്യം:** ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

2. ലോകത്തിൽ ദൈവീക ശുശ്രൂഷ നിറവേറ്റുവാൻ നീ നിയോഗിച്ചിരിക്കുന്ന മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലൂടെ സുവിശേഷം ലോകമെങ്ങും പ്രഘോഷിക്കുവാനും ഒരു ഭൗമ സഭയായി രൂപപ്പെടുവാനും ഞങ്ങളെ സഹായിക്കണമെന്നും അതിന് ഈ പരിസ്ഥിതി ഞായർ ആരാധനയും ധ്യാനവും മുഖാന്തിരമാകേണമെന്നും നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു.

**പ്രതിവാക്യം**: ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

3. ഈ ഭൂമിയെയും അതിലെ വിഭവങ്ങളെയും വരുംതലമുറകൾക്കു വേണ്ടി സംരക്ഷിക്കേണ്ടതാണ് എന്ന തിരിച്ചറിവിൽ ഉത്തരവാദിത്വത്തോടെ അവയെ കൈകാര്യം ചെയ്യുന്നതിന് വിവേകമുള്ള ഹൃദയത്തെ നൽകണമെന്ന് നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു.

**പ്രതിവാക്യം**: ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**സമർപ്പണപ്രാർത്ഥന**

ഞങ്ങളുടെ ദൈവമേ, നിന്റെ സ്നേഹത്തെ പ്രഘോഷിക്കുന്ന ഈ ഭൂമിയോട് ചേർന്ന് നിന്റെ സ്നേഹത്തിന്റെ ഗീതികൾ പാടുന്നതിനും നീ ഭൂമിയെ കണ്ടതു പോലെ കാരുണ്യത്തോടെ അവയെ ദർശിക്കുവാനും സൗഖ്യമാക്കുന്ന നിന്റെ സ്പർശം പോലെ ഹൃദയപൂർവ്വം അവയെ സംരക്ഷിക്കുവാനും നീ പ്രകൃതിയെ ശ്രദ്ധിച്ചതുപോലെ ഭൂമിയെ കേൾക്കുവാനും അവയിലെ പാഠങ്ങളെ സ്വീകരിക്കുവാനും ഞങ്ങളെ സഹായിക്കേണമേ. ദൈവമേ സാധ്യതകളുടെ പുതിയ ലോകത്ത് സ്വീകരിക്കേണ്ടവയെ സ്വീകരിക്കുവാനും നിഷേധിക്കേണ്ടവയെ നിഷേധിക്കുവാനും വിവേകമുള്ള ഹൃദയത്തെയും വിശാലമായ മനസ്സിനെയും ഞങ്ങൾക്ക് നൽകേണമേ. ഭൂമിയെ കരുതുവാനും അതിനെ സ്നേഹിപ്പാനുമുള്ള ഞങ്ങളുടെ സമർപ്പണം സ്വീകരിച്ച് ഞങ്ങളെ ശക്തീകരിക്കേണമേ.

ആമേൻ.

**പാട്ടുകൾ**

## (1) *സൃഷ്ടിതൻ ഉറവിടമായ നാഥാ* (ഭൂമി ഗീതങ്ങൾ)

സൃഷ്ടിതൻ ഉറവിടമായ നാഥാ
പൂഴിയാലെങ്ങളെമെനഞ്ഞുവല്ലോ
രമ്യമാം ഭൂമിതൻ സ്പന്ദനം കാക്കുവാൻ
ഏദനിൽ സഹജീവിയാക്കിയല്ലോ

നീരറ്റകുളവും വേരറ്റമരവും
കുളിരറ്റരാവുമായ് മാറ്റിയി ഭൂവിനെ
വികലമാം ചെയ്തികൾ തിരിച്ചറിയുന്നു ഞാൻ
പുതുജീവിതസരണികൾ സൃഷ്ടിചെയ്യാം

1. നോഹതൻ പെട്ടകം ഏറിയോരാ
ജീവജാലങ്ങളെ കാത്തതുപോൽ
ഇന്നല്ല നാളേക്കും എന്നുമീ ഭൂമിയെ
കാക്കുവാൻ ഉള്ളിലായി ബോധ്യമേകു

2. സ്നേഹമാം ധാരയിൽ ഒന്നുചേരാം
ജീവന്റെ പങ്കുകാരായി മാറാം
നീരായ് വേരായ്̆തളിരായ്̆മലരായ്
തീരാം നമുക്ക് പുതുതലമുറയായ്

## (2) *പാടാൻ മറന്നു പോയി ഞങ്ങൾ* (ഭൂമിഗീതങ്ങൾ)

പാടാൻ മറന്നു പോയ് ഞങ്ങൾ
പറയാൻ മറന്നുപോയ് എന്നും
ഈമണ്ണും ജീവന്റെ സ്പന്ദനവും
നിൻ ഗേഹമാണന്ന സത്യം

1. മതിലുകൾ ചുറ്റുമുയർത്തി
മാമോന്റെ മേശകളിൽ ഒത്തുചേർന്നു
ധൂർത്തരായ് സ്വാർത്ഥരായ് അന്ധരായ് മേവുമ്പോൾ
വ്രണിതമാം ഭൂമിതൻ രോദനം ഉയരുന്നു.

2. പുഴകൾ മലിനമായ് മാറ്റി
വിഭവങ്ങളാകവെ കവർന്നെടുത്തു
മണ്ണിന്റെ മണമുള്ള
വിയർപ്പിൻ നീരും അദ്ധ്വാനവും
ഉൾവിളിയായില്ല നാഥാ

# Malankara Mar Thoma Syrian Church
# Environment Sunday - 09.06.2024

## Worship Order

**Call to worship**

"The earth is the Lord's, and everything in it, the world, and all who live in it; for he founded it on the seas and established it on the waters." Psalm 24:1-2

May we worship the Triune God, Creator and Sustainer of all things visible and invisible.

**Opening song**

**Kaumma**

**Opening prayer**

Our Creator God, who created all things with His love and cares for them with infinite mercy, we praise You for the beauty of Your handiwork in this universe. Thank you for this life that you give to feel your love on this earth where soil, sky, trees, human and all living things come together. Together with the living river and the birds and beasts that praise you, we worship your glory and awesome name. We glorify you, Lord of creation, with the full conviction that the opportunities, possibilities, and future you give us are tied to the existence of this earth. All adoration and praise to you alone, O Triune God, who brings all things into life, restores and sustains them.

Amen

**Prayer of Repentance**

**Response:** *Oh God, forgive us.*

1. The spirit of exploitation and profit has blinded our eyes, not realizing that all creatures on earth are blessed by your hand. Lord we sadly confess our thoughts, egos and views that still do not realize that the existence of this earth is our future.

2. We mournfully confess our failings, not joining together with other living organisms and nature, not heeding the cries of creation, ignoring the cries of the earth, and responding selfishly to the cries for the restoration of our earth.

3. Lord, we sorrowfully confess the indifference to the recovery of the beauty of creation, which has been seriously distorted by the wars that bloodshed the streams of God's love, the unscientific constructions that upset the times and climates, the false teachings that destroy forever the spring of hope, and ignorance.

**Prayer of Thanksgiving**

**Response**: *We thank you, God.*

1. For the beauty of this earth, for the diversity of rain and snow, summer and spring blooms, for the food chain that keeps the earth in balance, for the living things great and small, for God's love that sustains them all...

2. To restore the earth's damaged environment due to climate change and provide shelter to those who have to flee as refugees and to all the workers who are selflessly serving in the disaster areas and international organizations like the UN...

3. For all those who are trying to wake up humanity from the indifference of ignorance to the ever-increasing climate crisis and especially the work of the Mar Thoma Ecological Commission.

**Intercessory Prayer**

**Answer:** *O God, hear our prayer*.

1. For nature's longing for redemption, for its care, for climate victims, for lives torn apart by war and violence, we beseech you, Lord.

2. Through the Malankara Mar Thoma Syrian Church that you have appointed to fulfill the divine ministry in the world, we request you to help us to proclaim the gospel of the earth all over the world and to be formed as an earthly church, and for this, this environment Sunday worship and meditation should be the front.

3. We ask you to give us a wise heart to manage this earth and its resources responsibly, knowing that they must be preserved for generations to come.

**Prayer of Dedication**

Help us, our God, to sing songs of your love to this land that proclaims your love, to look upon it with compassion as you have seen it, to protect it as heartily as your healing touch, to listen to the earth as you have listened to nature, and to receive its lessons. God, give us a discerning heart and a broad mind to accept what is worth accepting and deny what is worth denying in a new world of possibilities. Accept our dedication to care for and love the Earth and strengthen us.

Amen.

**Benediction**